# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാളകം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി 14/1157/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാളകം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി 14/1157/2021 തീയ്യതി: 03/02/2022

## എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷാജി മോൻ കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനീത് ആർ,ഓഡിറ്റ് ഓഫീസർ

ശ്രീ.ഷൈജു മാത്യു,ഓഡിറ്റ് ഓഫീസർ.

ശ്രീ.അനീഷ് ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീ.പ്രവീൺ വി.എൻ.,ഓഡിറ്റർ.

ശ്രീമതി.സ്വപ്ന വി.,ഓഡിറ്റർ.

ശ്രീ.മുഹമ്മദ് ഷാഫി വി.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലീല ബാബു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.എം.എം.സുബൈദ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുഭിത നായർ സി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.യമുന ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.രാഹുൽ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2019 | 29-09-2019 |
| ശ്രീമതി.മീര പി ബി | കൃഷി ഓഫീസർ | 30-09-2019 | 31-03-2020 |
| ശ്രീമതി.ദർശിനി ഷിബു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.അമ്പിളി പി നായർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| നീന ബി | വി.ഇ.ഒ, വാളകം | 01-04-2019 | 23-12-2019 |
| മായ കെ.വി | വി.ഇ.ഒ, വാളകം | 24-12-2019 | 31-03-2020 |
| അനു നായർ | വി.ഇ.ഒ, മേക്കടമ്പ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ലത അബ്രഹാം | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ. എൽദോസ് എബ്രഹാം (ചാർജ്ജ്) | കൃഷി ഓഫീസർ | 01-04-2019 | 29-09-2019 |
| ഡോ.കമൽജിത്ത്. ജെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.വന്ദന ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Praveen V.N (Auditor, On 29-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Aneesh R (Auditor, On 14-08-2021)<br>Last Updated By: Bindu L (Computer Assistant, On 26-11-2021) | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Aneesh R (Auditor, On 14-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-2-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Aneesh R (Auditor, On 14-08-2021)<br>Last Updated By: Bindu L (Computer Assistant, On 26-11-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaiju Mathew (Audit Officer, On 15-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shaiju Mathew (Audit Officer, On 15-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiju Mathew (Audit Officer, On 15-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Praveen V.N (Auditor, On 16-08-2021)<br>Last Updated By: Bindu L (Computer Assistant, On 26-11-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Muhammed Shafi V M (Auditor, On 17-08-2021)<br>Last Updated By: Bindu L (Computer Assistant, On 26-11-2021) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh R (Auditor, On 27-08-2021)<br>Last Updated By: Bindu L (Computer Assistant, On 26-11-2021) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Aneesh R (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-10 |
| 12 | ഗ്രാമസഭ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല<br>Written By: Muhammed Shafi V M (Auditor, On 01-09-2021)<br>Last Updated By: Bindu L (Computer Assistant, On 26-11-2021) | 1-11 |
| 13 | ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ<br>Written By: Swapna.V (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ്<br>Written By: Muhammed Shafi V M (Auditor, On 03-01-2022)<br>Last Updated By: Bindu L (Computer Assistant, On 05-01-2022) | 1-13-A |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 04-01-2022) | 1-13-B |
| 16 | കെട്ടിടനിർമ്മാണ പെർമിറ്റ് -അപാകതകൾ<br>Written By: Swapna.V (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-14 |
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകതകൾ | 1-14 എ |

| | | |
|---|---|---|
| | Written By: Aneesh R (Auditor, On 28-08-2021)<br>Last Updated By: Bindu L (Computer Assistant, On 05-01-2022) | |
| 18 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി വാളകം നടപ്പിലാക്കിയ പി.എച്ച്.സിയിലേക്ക് പ്രോജക്ടറും ലാപ്പ് ടോപ്പും വാങ്ങൽ പദ്ധതിയിലെ അപാകതകൾ(2019-2020)<br>Written By: Swapna.V (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 1-15 |
| 19 | കുന്നക്കാൽപീടിക – വീട്ടൂർ റോഡ് - റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-16 |
| 20 | ശക്തിപുരം - കടാതി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Aneesh R (Auditor, On 28-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-17 |
| 21 | തെരുവ് വിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Aneesh R (Auditor, On 28-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-18 |
| 22 | പൊതു ടാപ്പുകളുടെ എണ്ണത്തിലുള്ള വ്യത്യാസം സംബന്ധിച്ച്<br>Written By: Praveen V.N (Auditor, On 29-08-2021)<br>Last Updated By: Bindu L (Computer Assistant, On 07-12-2021) | 1-19 |
| 23 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Muhammed Shafi V M (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 26-11-2021) | 1-20 |
| 24 | ക്യാൻസർ വിമുക്ത കേരളം-പദ്ധതി നിർവ്വഹണം- അപാകതകൾ<br>Written By: Swapna.V (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 1-21 |
| 25 | മരാമത്ത് പ്രവൃത്തി - അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 28-08-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 02-02-2022) | 1-22 |
| 26 | ഓഡിറ്റ് ഇംപാക്ട്<br>Written By: Swapna.V (Auditor, On 30-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 1-23 |
| 27 | മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം<br>Written By: Aneesh R (Auditor, On 31-08-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh R (Auditor, On 25-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh R (Auditor, On 25-08-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 08-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh R (Auditor, On 27-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Aneesh R (Auditor, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 27-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: R.Vineeth (Audit Officer, On 31-08-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 03-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaiju Mathew (Audit Officer, On 26-08-2021)<br>Last Updated By: Bindu L (Computer Assistant, On 10-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 25-02-2019 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27-03-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് – ചെലവും, യഥാർത്ഥ വരവ് - ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2019-2020 പുതുക്കിയ ബജറ്റ് പ്രകാരം | 2019-2020 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 8,95,500 | 74,03,542 | (+) 65,08,042 |
| വരവ് | 14,48,41,233 | 4,76,63,310 | (-)9,71,77,923 |
| ആകെ | 14,57,36,733 | 5,50,66,852 | (-)9,06,69,881 |
| ചെലവ് | 14,47,70,830 | 4,55,52,984 | (-)9,92,17,846 |
| നീക്കിയിരുപ്പ് | 9,65,903 | 95,13,868 | (+) 85,47,965 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 9.71 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 9.92 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ബജറ്റിൽ വിഭാവനം ചെയ്ത വരവിനേക്കാൾ 67% -ൽ കുറവാണ് വാർഷിക ധനകാര്യപ്പത്രികയിൽ യഥാർത്ഥത്തിൽ വരവായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ആനുപാതികമായി ബജറ്റിൽ വിഭാവനം ചെയ്ത ചെലവിന്റെയും 68% ൽ താഴെ മാത്രമാണ് യഥാർത്ഥത്തിൽ തൻവർഷം ചെലവായിട്ടുള്ളത്. വിവിധ നികുതി - നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | 2019-2020 പുതുക്കിയ ബജറ്റ് പ്രകാരം | 2019-2020 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 13,00,000 | 10,13,560 | 2,86,440 |
| വസ്തു നികുതി | 35,00,000 | 31,65,017 | 3,34,983 |
| ഡി & ഒ ലൈസൻസ് | 1,00,000 | 38260 | 61740 |
| വാടക | 7,00,000 | 4,50,674 | 2,49,326 |

ബജറ്റും, യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് യഥാർത്ഥ്യാധിഷ്ഠിതമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 17.06.2020 |

## 1-2-2 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാളകം ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1) ശക്തിപുരം - കടാതി റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന നിക്ഷേപ പ്രവർത്തിക്കായി 270000/- രൂപ കേരള വാട്ടർ അതോറിറ്റി മൂവാറ്റുപുഴ പിഎച്ച് ഡിവിഷൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്, പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ, Advance To

Implementing Agencies – Deposit With Kerala Water Authority (460500201) എന്ന ഹെഡ്ഡിൽ ചെലവ് കാണിക്കുന്നതിന് പകരം Drinking Water Pipe Lines (410400103) എന്ന ആസ്തി ഹെഡ്ഡിലാണ് ചെലവ് കാണിച്ചിരിക്കുന്നത്. ആയതിനാൽ കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂറായി നൽകിയ തുക ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂളിൽ ഡെപ്പോസിറ്റായി രേഖപ്പെടുത്തുന്നതിന് പകരം B9 ഷെഡ്യൂളിൽ Drinking Water Pipe Lines എന്ന ആസ്തിയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) Movable Assets- Vehcles (410710102) എന്ന ഹെഡ്ഡിൽ മുൻവർഷം 4,71,535/- രൂപ മുന്നിരിപ്പുണ്ടായിരുന്നു. പ്രസ്തുത ആസ്തിക്ക് Accumilated Depreciation (411500101) 3,30,074/- രൂപയും ഉണ്ടായിരുന്നു. പഞ്ചായത്തിന്റെ വാഹനം ഭരണസമിതിയുടെ 25.01.2020ലെ 5(1)-ാം നമ്പർ തീരുമാന പ്രകാരം Condemnation ചെയ്ത് ലേലം നടത്തുന്നതിന് തീരുമാനിക്കുകയും, 25.02.2020ലെ 11902010531l നം. രസീത് പ്രകാരം 55,900/- രൂപ ലേലം ചെയ്ത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ടി വാഹനത്തിന്റെ മൂല്യം ആസ്തിയിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

3) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. തൻവർഷം ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

4) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62(2) ഇ, എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ (Key Ratios) ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 7403542.20 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 47663310.00 |
| ആകെ | | 55066852.20 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 45552984.00 |
| നീക്കിയിരിപ്പ് | | 9513868.20 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2232 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

## 1-4 ഫണ്ടു വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11395504 | 11395504 | 9056896 | 2338608 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 2350588 | 2350588 | 1564113 | 786475 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 130000 | 130000 | 126066 | 3934 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7164760 | 7164760 | 1659065 | 5505695 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ്- | 0 | 29057000 | 29057000 | 11908351 | 17148649 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 3251000 | 3251000 | 2697326 | 553674 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 238102 | 528331 | 766433 | 677039 | 89394 |
| സാനിട്ടേഷൻ | 320293 | 212000 | 532293 | 45000 | 487293 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 2154370 | 0 | 2154370 | 0 | 2154370 |
| ലൈഫ് ഭവന പദ്ധതി | 0 | 670000 | 670000 | 670000 | 0 |
| സാക്ഷരത | 18327 | 631 | 18958 | 0 | 18958 |
| വിമുക്തി | 25000 | 781586 | 806586 | 803586 | 3000 |
| സാനിട്ടേഷൻ | 117094 | 0 | 117094 | 0 | 117094 |
| മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | | | | | |
| നബാർഡ് | 129698 | 0 | 129698 | 0 | 129698 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 78071828 | 121 | 31099660 | 0 | 92 | 56.80 |

പദ്ധതി രൂപീകരണം നടപടികളിലെ അപാകങ്ങൾ

വികേന്ദ്രീകൃതാസൂത്രണ സംവിധാനത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കപ്പെടുന്ന പ്രൊജക്ടുകൾ ഗ്രാമസഭയിൽ ചർച്ചചെയ്യപ്പെടുകയും വർക്കിംഗ് ഗ്രൂപ്പിൽ വിശകലനം ചെയ്യപ്പെട്ട് പ്രൊജക്ടുകൾ തയ്യാറാക്കപ്പെടുകയുമാണ് ചെയ്യേണ്ടതെന്ന് വികേന്ദ്രീകൃതാസൂത്രണം സംബന്ധിച്ച പദ്ധതി മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. ഗ്രാമപഞ്ചായത്തിൽ പൊതുവിൽ ഇത്തരത്തിലാണ് പദ്ധതി രൂപീകരണം നടത്തിയിരിക്കുന്നതെങ്കിലും ഏതാനും ചില പ്രൊജക്ടുകൾ ഇത്തരത്തിലല്ലാതെ വന്നതായും കാണുന്നു. ഉദാഹരണമായി സുലേഖ പത്രികയിൽ ഉൾപ്പെട്ട 143 മരാമത്ത് പ്രവർത്തികളിൽ ക്രമ നം.147 മുതൽ 209 വരെയുള്ള പ്രൊജക്ടുകൾ വാർഷിക പദ്ധതിരേഖയിൽ ഉൾപ്പെട്ടിട്ടുള്ളവയല്ല. ഇവയിൽ 11 എണ്ണം ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയതും 52 എണ്ണം സ്പിൽ ഓവറായി 2020-21 വർഷത്തേക്ക് തുടരുകയും ചെയ്തിട്ടുണ്ട്. ഇവ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായോ, പദ്ധതി ഭേദഗതിയുടെ ഭാഗമായോ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി, മരാമത്ത് പ്രവൃത്തികളുടെ വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ എന്നിവയിൽ ചർച്ചചെയ്യപ്പെട്ടതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം ഇവ കൃത്യമായി യോഗം ചേരുകയോ പ്രൊജക്ടുകൾ വിശകലനം നടത്തുകയോ ചെയ്തതായി മിനുട്സുകളിൽ

രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുവെങ്കിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

ഉൽപാദന മേഖലയിൽ നടപ്പിലാക്കപ്പെട്ട പ്രൊജക്ടുകളുടെ നേട്ടങ്ങൾ വിലയിരുത്തപ്പെടുകയോ, രേഖപ്പെടുത്തപ്പെടുകയോ ചെയ്തതായി കാണുന്നില്ല. ഉദാഹരണമായി ഓഡിറ്റ് വർഷത്തിൽ കാർഷിക മേഖലയിലെ പ്രൊജക്ടുകളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി പറഞ്ഞിരുന്നത് നെല്ലുല്പാദനം, പച്ചക്കറി കൃഷി, നാളികേര ഉൽപാദനം എന്നീ മേഖലകളിലെ പുരോഗതിയായിരുന്നു. ഇതനുസരിച്ച് നെൽകൃഷിക്ക് 10,25,415/- രൂപയും പച്ചക്കറി കൃഷിക്ക് 42,500/- രൂപയും തെങ്ങ് കൃഷിക്ക് 3,22,605/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിനെ തുടർന്ന് ഈ മേഖലയിലുണ്ടായ ഉല്പാദന വർദ്ധനവ് എവിടെയും വിലയിരുത്തപ്പെട്ടതായി രേഖപ്പെടുത്തിയിട്ടില്ല.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3710 | 798728 | 802438 | 582830 | 219608 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 21140392 | 21140392 | 21140392 | 0 |
| ആകെ | 3710 | 21939120 | 21942830 | 21723222 | 219608 |

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2019-20 വർഷത്തിൽ 270 പ്രവൃത്തികളാണ് ഷെൽഫ് ഓഫ് പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. ഇവയിലൂടെ 292379 തൊഴിൽദിനങ്ങളും വിഭാവനം ചെയ്തിരുന്നു. (ഷെൽഫ് ഓഫ് പ്രൊജക്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഓരോ പ്രവൃത്തികൾക്കും വേണ്ടിവരുന്ന വിദഗ്ദ, അർദ്ധ, അവിദഗ്ദ തൊഴിൽ ദിനങ്ങൾ പ്രത്യേകമായി കാണിച്ചിട്ടില്ല).

എ) വാർഷിക കണക്കിലെ അപാകം.

വാർഷിക കണക്കുകളിലെ രേഖപ്പെടുത്തൽ പ്രകാരം ദേശീയ ഗ്രാമീണ പദ്ധതിയിലെ മുൻബാക്കി 3710/- രൂപയാണ്. തൻവർഷ വരവ് 2,17,23,222/- രൂപയുമാണ്., (I-6 പ്രകാരം.), നീക്കിബാക്കിയായി 219608/- രൂപയും (ആർ പി 40 ബി) യിൽ കാണിച്ചിട്ടുണ്ട്. എന്നാൽ RP 16 ൽ ചെലവായി കാണിച്ചിരിക്കുന്നത് 582830/- രൂപ മാത്രമാണ്. (ഇത് തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവ് മാത്രമാണെന്ന് ബന്ധപ്പെട്ട ക്യാഷ് ബുക്ക് പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു).

ബി) മുൻകൂർ തുക തിരികെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിലെ B 18 പത്രിക പ്രകാരം 3,94,165/- രൂപ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾക്കായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും മുൻകൂറായി നൽകിയിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സി) കാർഷിക മേഖലയുമായി സംയോജിപ്പിക്കൽ.

എം എൻ ആർ ഇ ജി എസ് പദ്ധതികളുടെ വാർഷിക മാസ്റ്റർ സർക്കുലർ (2019-20) ഖണ്ഡിക 6 പ്രകാരം തൊഴിലുറപ്പ് പദ്ധതികൾ കാർഷിക മേഖലകൾ ഉൾപ്പെടെയുള്ള വിവിധ മേഖലകളുമായി സംയോജിപ്പിക്കേണ്ടതിന്റെ സാധ്യതകൾ പരിശോധിക്കണമെന്ന് പറയുന്നു. കാർഷിക മേഖലയിൽതന്നെ നെൽകൃഷി, തെങ്ങ് കൃഷി, റബ്ബർ കൃഷി മുതലായ മേഖലകളുമായി സംയോജിപ്പിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറയുന്നുണ്ട്. ഇവയിൽ തരിശുഭൂമി നെൽകൃഷിക്ക് യോഗ്യമാക്കുന്ന പ്രവൃത്തി 2019-20 വർഷത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. പാട്ടക്കരാർ വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലത്താണ് കൃഷി ചെയ്യുന്നത്. ഇങ്ങനെ കൃഷിയോഗ്യമാക്കപ്പെടുന്ന സ്ഥലങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ കൃഷിക്ക് ലഭ്യമാകാത്ത സാഹചര്യം നിലവിലുള്ളതിനാൽ ഈ മേഖലയുമായുള്ള സംയോജന സാധ്യതകൾ പരിമിതപ്പെടുന്നതായി ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് അധികൃതർ വ്യക്തമാക്കുകയുണ്ടായി. ഇക്കാര്യത്തിലേക്ക് കൂടി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

റബ്ബർ, നാളികേര മേഖലകളുമായി തൊഴിലുറപ്പ് പദ്ധതി സംയോജിപ്പിച്ചതായും കാണുന്നില്ല. ഈമേഖലകളിൽ ചെറുകിട നാമമാത്ര കർഷകരുടെ കൃഷിയിടങ്ങളിൽ കാർഷിക പ്രവൃത്തിചെയ്യുന്നതിന് നിലവിലുള്ള തൊഴിലുറപ്പ് നിയമങ്ങൾ

അനുവദിക്കുന്നുണ്ട്. ഇക്കാര്യത്തിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10560 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 3195600 | 541 |
| വിധവാപെൻഷൻ | 3297600 | 572 |
| വാർദ്ധക്യകാലപെൻഷൻ | 6818100 | 1184 |
| വികലാംഗപെൻഷൻ | 1138800 | 190 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 242400 | 42 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2021 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,526/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.10.2020 | 03/2020 മുതൽ 09/2020 വരെ | 20.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.06.2016 | 2011-12 മുതൽ 2015- 16 വരെ | 19.07.2016 |

## 1-10 ആഭ്യന്തര നിയന്ത്രണം

### തപാലുകളുടെ തീർപ്പാക്കൽ

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ട്. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും തീർപ്പാക്കലും സംബന്ധിച്ച വിവരങ്ങളും സൂചികയിൽ നിന്നും ലഭ്യമാണ്. എന്നാൽ, പ്രോജക്ട് ഫയലുകളിൽ കൃത്യമായ ഓഫീസ് നോട്ട് എഴുതി സൂക്ഷിക്കുന്നില്ല. ബില്ലുകളും, അനുബന്ധ രേഖകളും സൂക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്.

### പദ്ധതി മോണിറ്ററിംഗ്

പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ വ്യക്തമായ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിറ്ററിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിറ്ററിംഗ് റിപ്പോർട്ട് പലപ്പോഴും ചുരുങ്ങുന്നതായി കാണുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല.

### ആസ്തി രജിസ്റ്ററിന്റെ പരിപാലനം

ആസ്തി രജിസ്റ്ററിന്റെ പരിപാലനം പൂർണ്ണമായും തൃപ്തികരമല്ല. പഞ്ചായത്തിന്റെ കണക്കുകൾ സാംഖ്യയിലേക്ക് മാറുന്നതിന് മുമ്പുള്ള ആസ്തി വിവരങ്ങൾ പൂർണ്ണമായും സാംഖ്യയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടില്ല. പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലങ്ങൾ ഇനിയും ആസ്തിയിൽ ഉൾപ്പെടുത്തുവാൻ അവശേഷിക്കുന്നു.

## 1-11 ഗ്രാമസഭ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 14 ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. 2019- 2020 സാമ്പത്തിക വർഷത്തിൽ ആകെ രണ്ട് തവണ മാത്രമാണ് 14 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 ഓഗസ്റ്റ് | 1. വയോജന ക്ഷേമം<br>3. ജലസംരക്ഷണം<br>2. ദേശീയ തൊഴിലുറപ്പ് പദ്ധതി വ്യക്തിഗത ആനുകൂല്യങ്ങൾ |
| 2 | 2020 ഫെബ്രുവരി | 1. 2020-21 വാർഷിക പദ്ധതി രൂപീകരണം<br>2. വർക്കിംഗ് ഗ്രൂപ്പിന്റെ കരട് നിർദ്ദേശങ്ങൾ അംഗീകരിക്കൽ |

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

1) 31.7.2017 ലെ GO(P) NO. 80/2017/LSGD ഉത്തരവു പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും പകരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31.10.2017 ൽ നിലവിൽ വന്നിട്ടുള്ളതുമാണ്. പുതുക്കിയ ചട്ടമനുസരിച്ച് 1996 ലെ ചട്ടം 10, പട്ടിക II പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ചുമത്തിയിരുന്നതിന് പകരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നായി മാറ്റി അവയ്ക്ക് യഥാക്രമം 500/-, 1000/- 5000/-, 10,000/- 15,000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ച് ഫീസീടാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 31.10.2017 ലെ സർക്കാർ ഉത്തരവു പ്രകാരമുള്ള ഭേദഗതി ചട്ടങ്ങളിലെ ലൈസൻസിനുള്ള സ്ലാബ് അംഗീകരിച്ച് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുള്ളത് 17.2.2020 ൽ മാത്രമാണ്. ആയതിനാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിപ്പോൺ ടോയോട്ട, വിഷൻമോട്ടോഴ്സ്, ന്യൂ ജവാൻ ഓട്ടോമൊബൈൽസ് എന്നീ മൂലധന നിക്ഷേപം കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും പഴയ ചട്ട പ്രകാരം ഫീസ് ഈടാക്കിയിരിക്കുന്നതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര്/ഉടമ | മൂലധന നിക്ഷേപം/ സേവനമേഖല | ഈടാക്കിയ ഫീ/രസീത് നം/തീയതി | ചട്ടപ്രകാരം പരമാവധി ഈടാക്കേണ്ടത്. |
|---|---|---|---|---|
| 13/ 19-20 | നിപ്പോൺ ടൊയോട്ട/എം.എ ബാബു മൂപ്പൻ | 370 ലക്ഷം രൂപ | 1500/- 97249100014/ 22.2.2019 | 10000/- |
| 35/ 19-20 | വിഷൻ മോട്ടോഴ്സ്/നവീൻ ഫിലിപ്പ് | 209.48 ലക്ഷം രൂപ | 3000/- 118020500039/ 28.2.2019 | 10000/- |
| 167/ 19-20 | സനു വിൻസന്റ്/ ന്യൂജവാൻ ഓട്ടോമൊബൈൽസ് | 110 ലക്ഷം രൂപ | 1000/- 1079/27.7.19 | 5000/- |

സർക്കാർ ഉത്തരവുപ്രകാരമുള്ള ലൈസൻസ് ഭേദഗതി ചട്ടങ്ങൾ നിലവിരിക്കെ പഴയ ചട്ട പ്രകാരം ഫീസ് ഈടാക്കിയത് ശരിയായ നടപടിയല്ല. ഭാവിയിൽ സർക്കാർ ഉത്തരവുകൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ പഞ്ചായത്ത് ഭരണ സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ്

എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-13-A തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ്

1) 2019-2020 ഒന്നാം അർദ്ധവർഷത്തിൽ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഓവർസീയർ തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ (മാർച്ച് മുതൽ ജൂലൈ വരെ) ജോലി ചെയ്തിട്ടുള്ള ശ്രീമതി പ്രജീഷ കെ യുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| വൗച്ചർ നം. | തീയതി | വേതനം കണക്കാക്കിയ മാസം | വേതനം |
|---|---|---|---|
| 21900012 | 2-4-2019 | മാർച്ച് | 18850 |
| 21900167 | 3-6-2019 | ഏപ്രിൽ, മെയ് | 31175 |
| 21900256 | 5-7-2019 | ജൂൺ | 15225 |
| 21900380 | 9-8-2019 | ജൂലൈ | 18125 |
| ആകെ | | | 83375 |
| ഈടാക്കേണ്ട തൊഴിൽ നികുതി | | | 750 |

2) സർക്കുലാർ നം. 35917/ഡി 1/2000/തസ്വഭവ തീയതി 27-7-2000 ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന ബോണസ്, അഡ്ഹോക് ബോണസ്, ഫെസ്റ്റിവൽ അലവൻസ്, എക്സ് ഗ്രേഷ്യ എന്നീ ഇനങ്ങളിലുള്ള തുകകളുടെ നേർ പകുതി വീതം രണ്ട് അർദ്ധവർഷത്തേയും വരുമാനമായി കണക്കാക്കേണ്ടതാണ്. എന്നാൽ വാളകം വനിതാ സഹകരണ സംഘത്തിലെ ജീവനക്കാരിയായ ശ്രീമതി ഷീഗ സജി യുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. രണ്ട് അർദ്ധവർഷങ്ങളിലേയും പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന വേതനം (A) | ഡി.എ (B) | ബോണസ് (C) | ആകെ വേതനം (6*(A+B))+(C/2) | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 9910 | 10802 | 7000 | 27712 | 1000 | 1250 | 250 |
| 9910 | 10802 | 7000 | 27712 | 1000 | 1250 | 250 |
| | | | ആകെ | | | 500 |

3) വാളകം ക്ഷീരോൽപാദന സഹകരണ സംഘത്തിലെ സെക്രട്ടറിയുടെ 2019-2020 രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. അർദ്ധവാർഷിക പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന വേതനം | ആകെ വേതനം | ഈടാക്കിയ നികുതി | ഈടക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|
| 5500 | 33000 | 180 | 300 | 120 |

ക്രമ നം. 1, 2, 3 പ്രകാരം ആകെ ഈടാക്കാനുള്ള തുക = 1370 രൂപ

കുറവ് വന്ന തുക ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.11/26.8.2021) മറുപടി ലഭ്യമായിട്ടില്ല. തുക ഈടാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13-B തൊഴിൽ നികുതി അപാകതകൾ

ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഇതിന്റെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 204).

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | കെട്ടിട ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 7/19-20 | സിജു വർഗീസ്, കോതേയ്ക്കൽ | ഒയാസിസ് പാക്കേജഡ് ഡ്രിങ്കിംഗ് വാട്ടർ | 8 |
| 2 | 11/19-20 | ദയ സാജു, കുര്യാളത്തോട്ടത്തിൽ | ഹോളോ ബ്രിക്സ് നിർമാണം | 6 |
| 3 | 14/19-20 | നിശാന്ത് സണ്ണി, കുടിയിരിക്കൽ | ഗ്രീൻഹബ് എഞ്ചിനീറിംഗ് കോൺട്രാക്ടേഴ്സ് | 10 |
| 4 | 19/19-20 | കെ എം ജോയി, കാഞ്ഞിരത്തിങ്കൽ | കെ എം ടിമ്പേഴ്സ് | 6 |
| 5 | 46/19-20 | ജെയ്സൺ റ്റി. ബേബി, തോട്ടപ്പാട്ടുകുടിയിൽ | ഫൈൻ ഇൻഡസ്ട്രീസ് (റബ്ബർ ബാന്റ് , ഗ്ലൗസ് നിർമാണം) | 6 |
| 6 | 49/19-20 | സജി പി. കെ , പൂത്തോട്ടിൽ | സതേൺ ഒർഗാനോഫോസ്ഫേറ്റ് | 6 |
| 7 | 62/19-20 | അസീസ് എം. എം, മുണ്ടയ്ക്കൽ | പെട്രോൾ പമ്പ് | 9 |
| 8 | 104/19-20 | പ്രശാന്ത് പി. എസ്, പുത്തൻപറമ്പിൽ | ധർമ്മൂസ് ഫിഷ് ഹബ് | 9 |
| 9 | 105/19-20 | ജോയി വർഗീസ്, നെല്ലിക്കൽ | ജിയോ ഗാർമെന്റ്സ് | 6 |
| 10 | 122/19-20 | കുമാരി കെ കെ, തുറവയ്ക്കൽ | കെ കെ ബ്രിക്സ് | 7 |
| 11 | 126/19-20 | പി എസ് ബൈജു, പാറയിൽ | പാറയിൽ എഞ്ചിനീറിങ് വർക്ക്സ് | 7 |
| 12 | 167/19-20 | സനു വിൻസെന്റ് , ചൊള്ളാമഠത്തിൽ | ന്യൂ ജവാൻ ഓട്ടോ മൊബൈൽസ് | 40 |
| 13 | 184/19-20 | ജിജോ വർഗീസ്, കളത്തിപ്പറമ്പിൽ | ബ്രില്ല്യന്റ് ഇന്റീരിയർ | 7 |

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ കൂടാതെ 1/19-20, 10/19-20, 15/19-20, 16/19-20, 17/19-20, 28/19-20, 33/19-20, 34/19-20, 50/19-20, 55/19-20, 64/19-20, 83/19-20, 87/19-20, 90/19-20, 97/19-20, 140/19-20, 189/19-20, 192/19-20 എന്നീ ലൈസൻസ് നമ്പറുകളിലുള്ള സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (എൻ.നം.11/26.8.2021, എൻ.നം.7/17.8.2021,) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രസ്തുത സ്ഥാപനങ്ങൾ ഉൾപ്പെടെ മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക അടവാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 കെട്ടിടനിർമ്മാണ പെർമിറ്റ് -അപാകതകൾ

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134 പ്രകാരം സെക്രട്ടറിയുടെ അനുവാദം ആവശ്യമുള്ളതും എന്നാൽ അംഗീകൃത പ്ലാൻ ഇല്ലാതെയോ അംഗീകത പ്ലാനിൽ നിന്നും വ്യതിചലിച്ചോ ഏതെങ്കിലും കെട്ടിടത്തിന്റേയോ വാർത്താവിനിമയ ഗോപുരത്തിന്റേയോ ഏതെങ്കിലും പണിപ്പാടുകളുടേയോ നിർമ്മാണമോ പുനനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പണിയിൽ മാറ്റം വരുത്തലുകളോ അല്ലെങ്കിൽ ഏതെങ്കിലും കിണർ കുഴിക്കുക, ഭൂവികസനം നടത്തുക ഇവ സംബന്ധിച്ച ഏതെങ്കിലും ജോലി ആരംഭിച്ചിട്ടുണ്ടെങ്കിലോ പണി നടത്തിക്കൊണ്ടിരിക്കുകയാണെങ്കിലോ അവ ക്രമവൽക്കരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ചട്ടം 135(4) പ്രകാരം ഒരു കെട്ടിടത്തിന്റെ ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. ചട്ടം 11(3) പട്ടിക II പ്രകാരം പാർപ്പിടേതര കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് 5 രൂപയാണ്.

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95 പ്രകാരം അംഗീകൃത പ്ലാൻ കൂടാതെയോ, വ്യതിചലിക്കപ്പെട്ട പ്ലാൻ കൂടാതെയോ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയോ, നടത്തിക്കൊണ്ടുപോവുകയോ, പൂർത്തിയാക്കുകയോ ചെയ്താൽ അപ്രകാരമുള്ള നിർമ്മാണങ്ങൾ രാജിയാക്കൽ ഫീസ്

ഈടാക്കി ക്രമപ്പെടുത്തേണ്ടതാണ്. പ്രാബല്ല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ചട്ടം 95(4).

## 1-14 എ കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകതകൾ

1) പെർമിറ്റ് ഫീ ഈടാക്കിയതിൽകുറവ്

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(3) പട്ടിക II പ്രകാരം പാർപ്പിടേതര കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് 5 രൂപയാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫാദർ ടി.പി ഏലിയാസ് സെന്റ് ജോർജ് ഓർത്തോഡോക്സ് ചർച്ച്, കുന്നക്കാലിന്റെ സർവേ നം.305/6A, 305/6A4, 305/7 ഇവയിൽപ്പെട്ട 29.41 ആർ സ്ഥലത്തിൽ A2 റെസിഡൻഷ്യൽ ഗണത്തിൽപ്പെട്ട കെട്ടിടം പണിയുന്നതിന് 12.7.19 ൽ സമർപ്പിച്ച പെർമിറ്റിനുള്ള അപേക്ഷയിൽ പെർമിറ്റ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| കെട്ടിടവിസ്തീർണ്ണം (ച.മീ) | ഈടാക്കിയ പെർമിറ്റ് ഫീ/ രസീത് നം./ തീയതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|
| (ബേസ് മെന്റ്ഫ്ലോർ+ ഗ്രൗണ്ട്ഫ്ലോർ) - 250.81 | 250. 81*3=752.43 രൂപ/ 119020103434/5.12.19 | 250.81*5=1254.05രൂപ | 501.62 രൂപ |
| ഒന്നാം നില - 148.70 | 148.70*5=743.50രൂപ/ 119020103434/5.12.19 | 148.70*5=743.50രൂപ | ഈടാക്കിയിട്ടുണ്ട് |
| ആകെ കുറവ് | | | 502 രൂപ |

2) ക്രമവൽക്കരണഫീസ് ഈടാക്കിയിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134 പ്രകാരം സെക്രട്ടറിയുടെ അനുവാദം ആവശ്യമുള്ളതും എന്നാൽ അംഗീകൃത പ്ലാൻ ഇല്ലാതെയോ അംഗീകത പ്ലാനിൽ നിന്നും വ്യതിചലിച്ചോ ഏതെങ്കിലും കെട്ടിടത്തിന്റേയോ വാർത്താവിനിമയ ഗോപുരത്തിന്റേയോ ഏതെങ്കിലും പണിപ്പാടുകളുടേയോ നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പണിയിൽ മാറ്റം വരുത്തലുകളോ അല്ലെങ്കിൽ ഏതെങ്കിലും കിണർ കുഴിക്കുക, ഭൂവികസനം നടത്തുക ഇവ സംബന്ധിച്ച ഏതെങ്കിലും ജോലി ആരംഭിച്ചിട്ടുണ്ടെങ്കിലോ പണി നടത്തിക്കൊണ്ടിരിക്കുകയാണെങ്കിലോ അവ ക്രമവൽക്കരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ചട്ടം 135(4) പ്രകാരം ഒരു കെട്ടിടത്തിന്റെ ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. ചട്ടം 11(3) പട്ടിക II പ്രകാരം പാർപ്പിടേതര കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് 5 രൂപയാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ ശ്രീ . ചന്ദ്രൻ മാനാംകുഴക്കൽ മൂവാറ്റുപുഴ യുടെ 23.2.19 ലെ സർവേ നം. 113/16-2 പ്പെട്ട 14.16 ആർ സ്ഥലത്തിൽ പൗൾട്രിഫാം പൂർത്തീകരിച്ചതിന്റെ 27.7.19 ൽ സമർപ്പിച്ച കമ്പ്ലീറ്റഡ് പ്ലാനിൽ അധികം നിർമ്മിച്ച 36 ച.മീ ന് ക്രമവൽക്കരണ ഫീ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട വിസ്തീർണ്ണം(കമ്പ്ലീറ്റഡ് പ്ലാനിൽ/27.7.19 ) | പെർമിറ്റ് ഫീ ഈടാക്കിയത്/രസീത് നം/തീയതി | ക്രമവൽക്കരണ ഫീ ഈടാക്കേണ്ടത് |
|---|---|---|
| 252 ച.മീ | 216*5= 1080രൂപ/119020100371 /13.5.20 | 36*10= 360രൂപ (252-216=36രൂപ) |
| കുറവ് | | 360 രൂപ |

ക്രമ നം. 1, 2 പ്രകാരം ഈടാക്കുവാനുള്ള ആകെ തുക = 862/-

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (10/25.8.2021,21 /31.8.2021) മറുപടി ലഭ്യമായിട്ടില്ല. ക്രമ നം.1, 2 പ്രകാരം ഈടാക്കുവാനുള്ള ആകെ തുകയായ 862/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 മെഡിക്കൽ ഓഫീസർ പി.എച്ച്.സി വാളകം നടപ്പിലാക്കിയ പി.എച്ച്.സിയിലേക്ക് പ്രോജക്ടറും ലാപ്പ് ടോപ്പും വാങ്ങൽ പദ്ധതിയിലെ അപാകതകൾ(2019-2020)

2019-20 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വാളകം നടപ്പിലാക്കിയ പി. എച്ച്. സിയിലേക്ക് പ്രോജക്ടറും ലാപ്പ് ടോപ്പും വാങ്ങൽ എന്ന പദ്ധതി നടപ്പാക്കിയതിൽ 1572/- രൂപ ടാക്സ് ഇൻവോയിസിലെ തുകയേക്കാൾ അധികം ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 50/19-20 |
| പ്രൊജക്ടിന്റെ പേര് | പി.എച്ച്.സി യിലേക്ക് ലാപ്പ്ടോപ്പും പ്രോജക്ടറും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., വാളകം |
| അടങ്കൽ | 1,000,00/- മെയിന്റനൻസ് ഫണ്ട്, റോഡിതരം ) |
| ചെലവ് | 33762/- (ട്രഷറി ബിൽ നം.9/19-20, തീ18.11.20) |

മേൽ പദ്ധതിപ്രകാരം പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പ് ടോപ്പ്, മൗസ്, ക്യാരികേസ് എന്നിവ 06.02.20 ലെ ടാക്സ് ഇൻവോയിസ് നം.R.V 1905022573 പ്രകാരം 32,190.40/- രൂപക്ക് 2019-20 സാമ്പത്തിക വർഷത്തിൽ വാളകം പി.എച്ച്.സിയിലേക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ പദ്ധതി ചെലവ് 33,762/- രൂപയാണ്. ടാക്സ് ഇൻവോയ്സിലെ തുകയേക്കാൾ കൂടുതലായി 1571.6 രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/27.8.2021) കെൽട്രോണിൽ നിന്നുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 കുന്നക്കാൽപീടിക – വീട്ടൂർ റോഡ് - റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിലെ അപാകതകൾ

വാളകം ഗ്രാമപഞ്ചായത്തിന്റെ നാലാം വാർഡിലെ കുന്നക്കാൽപീടിക – വീട്ടൂർ റോഡിൽ 400 മീറ്റർ നീളത്തിൽ ടെലിഫോൺ കേബിൾ (ഒപ്റ്റിക്കൽ ഫൈബർ കേബിൾ) സ്ഥാപിക്കുന്നതിനുള്ള റോഡ് കട്ടിംഗിന് 25.11.2019ലെ RJI/OFC/ROW/NLD/8B/VALAKOM/PAN/9146 നമ്പർ കത്ത് പ്രകാരം ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം അനുമതി ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എൽഎസ്ജിഡി വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ കണക്കാക്കിയ 3,75,494.40/- രൂപയുടെ റെസ്റ്റോറേഷൻ ചാർജസ് എസ്റ്റിമേറ്റിന് 25.01.2020ലെ 25(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകാരം നൽകുകയും ചെയ്തിരുന്നു. സെക്രട്ടറിയുടെ 27.01.2020ലെ സി7-5648/2019 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള റെസ്റ്റോറേഷൻ ചാർജ് 3,75,495/- രൂപ 22.02.2020ലെ 11902040003 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടക്കുകയും, തുടർന്ന് 24.02.2020ലെ സി7-5648/2019 നമ്പർ പ്രകാരം കുന്നക്കാൽപീടിക – വീട്ടൂർ റോഡിൽ 400 മീറ്റർ നീളത്തിൽ ടെലിഫോൺ കേബിൾ സ്ഥാപിക്കാൻ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡിന് അനുമതി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാക്കിയത് സംബന്ധിച്ച താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1. ചീഫ് എഞ്ചിനീയറുടെ (പിഡബ്ല്യുഡി റോഡ്സ്) 30.03.2019ലെ സിഇ/ആർ&ബി/ജിഎൽ-ആർസി/2/2019 നം. സർക്കുലർ പ്രകാരം റോഡ് കട്ടിംഗ് നിരക്ക് ജി.എസ്.ടി കൂടി ഉൾപ്പെട്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 03.07.2019ലെ ജി.ഒ (ആർടി) 1366/2019/എൽഎസ്ജിഡി നം. ഉത്തരവ് പ്രകാരം റോഡ് റെസ്റ്റൊറേഷൻ ചാർജസിന്റെ ജിഎസ്ടി 12% ആണ്. എന്നാൽ റെസ്റ്റൊറേഷൻ ചാർജായി ഈടാക്കിയ തുകയിൽ നിന്നും പഞ്ചായത്ത് ജി.എസ്.ടി അടവാക്കിയിട്ടില്ല.

2. ഇലക്ട്രോണിക്സ് & ഐ റ്റി (ബി) വകുപ്പിന്റെ 11-10-2018 ലെ ജി ഒ(എം എസ്) 25/2018(ITD), തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-05-2018 ലെ ഡിസി.2/531/2017/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം ടെലികോം കമ്പനികൾക്ക് സംസ്ഥാനത്തെ റോഡുകളിലൂടെ OFC കേബിളുകൾ ഇടുന്നതിന് RoW (Right Of Way) പെർമിഷന് വേണ്ടി 75,000/കി.മീ നിരക്കിൽ ഒറ്റ തവണ ഫീസ് സർക്കാരിലേക്ക് അടവാക്കണം. എന്നാൽ അപേക്ഷകൻ പ്രസ്തുത ഫീസ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/26.08.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, റോഡ് റെസ്റ്റോറേഷൻ ചാർജിൽ ഈടാക്കിയ ജിഎസ്ടി തുക കണക്കാക്കി സർക്കാരിലേക്ക് അടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, സർക്കാരിലേക്ക് തന്നെ അടവാക്കേണ്ട RoW (Right Of Way) പെർമിഷൻ തുകയും കണക്കാക്കി ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-17 ശക്തിപുരം - കടാതി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0025/20 |
| നിർവഹണം | സെക്രട്ടറി |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 270000/- |
| ചെലവ് | 270000/- |

| | |
|---|---|
| ബിൽ നം. | 18/2019-20, 11.10.2020 |

ഗ്രാമപഞ്ചായത്തിന്റെ ആറാം വാർഡിലെ ശക്തിപുരം - കടാതി റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 2019/14625 നം. എസ്റ്റിമേറ്റ് പ്രകാരം 2,70,000/- രൂപ കേരള വാട്ടർ അതോറിറ്റി മൂവാറ്റുപുഴ പിഎച്ച് ഡിവിഷൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള എസ്ബിഐ, മൂവാറ്റുപുഴ ബ്രാഞ്ച് ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 57021264195) 14.10.2020ൽ ട്രാൻസ്ഫർ (UTR No. U000000725118520) ചെയ്തിട്ടുണ്ട്. എന്നാൽ, പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കി വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0016/20 |
| നിർവഹണം | സെക്രട്ടറി |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 500000/- |
| ചെലവ് | 500000/- |
| ചെക്ക് നം. | 15/2020-21, തി. 26.09.2019<br>23/2020-21, തി. 23.12.2019 |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഇ-ടെൻഡറിൽ ഏറ്റവും കുറവ് നിരക്ക് ടെൻഡർ ചെയ്ത ജോമോൻ കെ പി എന്ന ഇലക്ട്രിക് കോൺട്രാക്ടറെ തെരഞ്ഞെടുക്കുകയും, തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതിന് 5,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പലതും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

1) ആസ്തി രജിസ്റ്റർ: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ തരവും, ലൈറ്റുകൾ സ്ഥാപിച്ച തിയതിയും, അവയുടെ റീപ്ലേസ്മെന്റ് വാറന്റി കാലാവധിയും, സർവീസ് വാറന്റി കാലാവധിയും രേഖപ്പെടുത്തി തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തൻമൂലം കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള ലൈറ്റുകളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. കൂടാതെ നിലവിൽ റീപ്ലേസ്മെന്റ് വാറന്റി കാലാവധിയും സർവീസ് വാറന്റി കാലാവധിയും അവസാനിക്കാത്ത ലൈറ്റുകളും മാറ്റി സ്ഥാപിച്ച് അവക്ക് എ.എം.സി തുക നൽകുന്നുണ്ടോ എന്ന് പരിശോധിക്കുവാനും സാധിക്കുന്നില്ല.

2) പരാതി രജിസ്റ്റർ: തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നുമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/ത.സ്വ.ഭ.വ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേടായ തെരുവ് വിളക്കുകൾ ശരിയാക്കിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം എ.എം.സി തുക നൽകുകയാണ് ചെയ്തു വരുന്നത്.

3) നോഡൽ ഓഫീസർ: ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി, നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ പ്രവർത്തനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ നടപ്പായിട്ടില്ല.

4) സർക്കുലർ നം. 65529/ഡി.സി.3/12/തസ്വഭവ. തീ.12-3-2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതും ആയതിന് കെ.എസ്.ഇ.ബി. സാങ്കേതിക സഹായം നല്കുന്നതുമാണ്. എന്നാൽ പഞ്ചായത്തിൽ പൂർണ്ണമായും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സ്ഥാപിച്ചിട്ടില്ല.

മേൽ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പൊതു ടാപ്പുകളുടെ എണ്ണത്തിലുള്ള വ്യത്യാസം സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30.04.18 ലെ 23(1) നമ്പർ തീരുമാനം പ്രകാരം ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 279 പൊതു ടാപ്പുകളിൽ കോളനികളിലും ലക്ഷം വീടുകളിലുമുള്ള 13 ടാപ്പുകൾ ഒഴികെയുള്ള എല്ലാ പൊതുടാപ്പുകളും ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. പ്രസ്തുത കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 266 പൊതു ടാപ്പുകൾ

നിർത്തലാക്കാൻ ഈ ഓഫീസിലെ 04.05.2019 ലെ സി3-4739/2019 നമ്പർ കത്ത് മുഖേന മൂവാറ്റുപുഴ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടുകയും ഇതുപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മൂവാറ്റുപുഴ നൽകിയ 06.05.2019 ലെ എ2-814/2018 നമ്പർ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തികൾക്കായി 2,75,000/- രൂപ അടവാക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 25.05.2019 ലെ 8-ാം നമ്പർ തീരുമാന പ്രകാരം 266 പൊതു ടാപ്പുകൾ നിർത്താലക്കുന്നതിന്റെ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് തുകയായ 2,75,000/- രൂപയ്ക്ക് അംഗീകാരം നൽകുകയും അത് തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിനും തീരുമാനിച്ചു. ഇതുപ്രകാരം 2,75,000/- രൂപ (വൗച്ചർ നം. 21900704 തീയതി 18.11.2019) പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകിയ 2019 നവംബർ മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 13 പൊതു ടാപ്പുകൾക്ക് ഒരു മാസത്തേക്ക് 5688/- രൂപയും (13 X 437.5) പിന്നീട് വരുന്ന മാസങ്ങളിലെ ഡിമാന്റ് നോട്ടീസ് പ്രകാരം 14 പൊതു ടാപ്പുകൾക്ക് ഒരു മാസത്തേക്ക് 6125/- (14 X 437.5) രൂപയുമാണ് വരുന്നത്. പഞ്ചായത്തിൽ ആകെ ഉണ്ടായിരുന്ന 279 പൊതു ടാപ്പുകളിൽ 266 എണ്ണം നിർത്തലാക്കാൻ വേണ്ടിയാണ് കേരള വാട്ടർ അതോറിറ്റിയിൽ 2,75,000/- രൂപ അടവാക്കിയിട്ടുള്ളത് ഇതുപ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ 13 പൊതു ടാപ്പുകളാണ് അവശേഷിക്കേണ്ടത്. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 14 പൊതു ടാപ്പുകളുടെ തുകയാണ് നിലവിൽ അടവാക്കിവരുന്നത്. നിലവിൽ ലഭ്യമാക്കിയിട്ടുള്ള ഫയലിൽ നിന്നും കേരള വാട്ടർ അതോറിറ്റി പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ളതിന്റെ വിവരം ലഭ്യമല്ല.
ഗ്രാമ പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും 31.12.2019 ൽ നടത്തിയ സംയുക്ത പരിശോധനയുടെ റിപ്പോർട്ടിൽ പൊതു ടാപ്പുകളുടെ എണ്ണം 14 എന്നും ഗ്രാമ പഞ്ചായത്തിന്റെ പൊതു ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്ററിൽ ടാപ്പുകളുടെ എണ്ണം 13 എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ പൊതു ടാപ്പുകളുടെ എണ്ണത്തിൽ വ്യത്യാസം സംഭവിച്ചിട്ടുള്ളതിന്റെ കാരണം വിശദമാക്കുന്നതിനായി 26.08.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 266 പൊതുടാപ്പുകൾ നിർത്തലാക്കാൻ 2,75,000/- രൂപ അടവാക്കിയതിൽ 265 ടാപ്പുകളാണ് നിർത്തലാക്കിയിട്ടുള്ളതെങ്കിൽ 1 ടാപ്പിന് കൂടുതലായി അടവാക്കിയ 1,034/- രൂപ (2,75,000/266) തിരികെ ഈടാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ.(എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത് . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 10/462A | പൗലോസ് പി കെ , പാഴപ്പനാൽ | പാർപ്പിടം |
| 2 | 10/84D | ജോയ് ഏലിയാസ് വർഗീസ് , മത്തൻകുടിയിൽ | പാർപ്പിടം |
| 3 | 12/195B | ജിനു ജോർജ്ജ് , പനക്കൽ | പാർപ്പിടം |

മേൽ പരാമർശിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ.നം.20/31.8.2021) ഒറ്റ തവണ നികുതി അടവാക്കി പഞ്ചായത്തിൽ രസീത് ഹാജരാക്കുവാൻ കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭിച്ചു. കെട്ടിട ഉടമസ്ഥരിൽ നിന്ന് നികുതി റിട്ടേൺ പകർപ്പ് ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ഇതു സംബന്ധിച്ച

വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 ക്യാൻസർ വിമുക്ത കേരളം-പദ്ധതി നിർവ്വഹണം- അപാകതകൾ

വാളകം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2019-20 സാമ്പത്തികവർഷത്തിൽ ക്യാൻസർ ബോധവൽക്കരണ ക്ലാസുകൾ എടുത്തതിന് ചായ, ലഘുഭക്ഷണം എന്നിവ നൽകുന്നതിനും എൽ.സി.ഡി പ്രോജക്ടർ, ലാപ്പ്ടോപ്പ്, സ്ക്രീൻ, കസേര, വാഹനം എന്നിവയുടെ വാടക, ബാനർ, നോട്ടീസ് വിതരണം, ജെ. എച്ച്. ഐ, ജെ. പി. എച്ച്. എൻ എന്നിവർക്കുള്ള ഹോണറേറിയം എന്നീ വകയിൽ താഴെപ്പറയും പ്രകാരം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 206/2019-20 |
| പ്രൊജക്ടിന്റെ പേര് | ക്യാൻസർ വിമുക്ത കേരളം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.,വാളകം |
| അടങ്കൽ | 1,00,000/-(പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് | 75000/-(ട്രഷറി ബിൽ നം.12/19-20 ,തീ.12.2.20) |

പദ്ധതിയുടെ ഭാഗമായി നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി നടത്തിയ ബോധവൽക്കരണ ക്ലാസുകളിൽ 1943 പേർ പങ്കെടുത്തെങ്കിലും പങ്കെടുത്തവരുടെ ലിസ്റ്റ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബോധവൽക്കരണ ക്ലാസ് നടത്തിയ ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ എന്നിവർക്ക് ഹോണറേറിയം നല്കിയതിന്റെ അക്വിററൻസ് രജിസ്റ്റർ ഫയലിൽ ലഭ്യമല്ല.

സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ., തീ.14.02.18 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 8.4 പ്രകാരം, ഉത്പാദനപരമല്ലാത്ത പരിപാടിയായ ബോധവൽക്കരണ ക്യാംപയിനുകൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടില്ല. ക്യാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആരോഗ്യ ക്യാമ്പുകൾ മാത്രം അനുവദനീയമാണ്. മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടുകൊണ്ടും പരാമർശത്തിലെ മറ്റ് അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ടു കൊണ്ടും നൽകിയ എൻക്വയറിക്ക് (നം.19/27.8.21) ലഭ്യമായ മറുപടിയിൽ പദ്ധതിയുടെ ഭാഗമായി ബ്ലോക്കിൽ നിന്ന് ലഭിച്ച നോട്ടീസുകൾ ആശാവർക്കർമാർ മുഖേന വാർഡുകളിൽ വിതരണം ചെയ്തു എന്നും പ്രൊജക്ടിൽ നിന്നും ചെലവുകൾ ഇല്ല എന്നും അറിയിച്ചിട്ടുണ്ട്.
ബോധവൽക്കരണ ക്ലാസിലും അതിനോടനുബന്ധിച്ച് നടന്ന സ്ക്രീനിങ്ങിലും പങ്കെടുക്കുന്നവരുടെ ലിസ്റ്റ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്താതിരുന്നത് അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്നും ആയത് പ്രസ്തുത കാലയളവിൽ മെമ്പറെകൊണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
പദ്ധതിയുടെ ഭാഗമായി ഹോണറേറിയം ജൂനിയർ സി.എച്ച്, ജൂനിയർ പി.എച്ച്.എൻ മാർക്ക് നൽകിയിട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും 4200/- രൂപ ഹോണറേറിയം എന്ന ഇനത്തിൽ ചെലവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് നൽകിയത് ആർക്കാണെന്ന് വിശദമാക്കേണ്ടതും ആയതിന്റെ ചെലവുരേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.
ക്യാൻസർ ബോധവൽക്കരണ ക്യാംപയിനുകൾക്കൊപ്പം രോഗനിർണ്ണയക്യാമ്പുകൾ നടത്തേണ്ടതില്ല എന്ന മറുപടി അംഗീകരിക്കുന്നില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തി - അപാകങ്ങൾ

2019-20 വർഷത്തിൽ ആകെ 143 പ്രവൃത്തികൾ വിഭാവനം ചെയ്തിരുന്നതിൽ 115 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ യഥാവിധി നടത്തുകയും പ്രവൃത്തി പൂർത്തീകരണം വരെയുള്ള നടപടികൾ യഥാവിധി രേഖപ്പെടുത്തുകയും രേഖകൾ സൂക്ഷികയും ചെയ്തിട്ടുണ്ട്. എങ്കിലും പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽനിന്നും താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

എ) ടെൻഡർ ഫോറം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

എൽ എസ് ജി ഡി വിഭാഗത്തിൽ ടെൻഡർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.നടപ്പിലാക്കിയതിൽ ഭൂരിപക്ഷം പ്രവൃത്തികളും മാനുവൽ ടെൻഡർ മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ടെൻഡർ ഫോം സ്റ്റോക്ക് രജിസ്റ്റർ തന്നെ അപൂർണ്ണമായതിനാൽ എത്ര ടെൻഡർ ഫോറങ്ങൾ എൽ എസ് ജി ഡി സെക്ഷനിലേക്ക് നൽകിയിട്ടുണ്ടെന്നുള്ളതും വ്യക്തമല്ല. ടെൻഡർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) സെലക്ഷൻ നോട്ടീസ് ലഭിക്കുന്നതിന് മുമ്പ് തന്നെ കരാർ ഉടമ്പടി ചമക്കുന്നു.

ചില പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സെലക്ഷൻ നോട്ടീസ് ലഭിക്കുന്നതിന് മുമ്പ് തന്നെ കരാർ ഉടമ്പടി ചമക്കുന്നതായി കാണുന്നു.

ഉദാഹരണമായി പ്രൊജക്ട് നം.194/20 ആയി വിഭാവനം ചെയ്ത പെരുവംമുഴി പുത്തൻകടവ് റോഡ് നവീകരണം പ്രവൃത്തി ഏറ്റെടുത്ത ശ്രീ ജോബി ജോസഫിന് സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുന്നത് 16.9.2019 (നം.194/20 തി.16.9.2019) ന് ആണ്. എന്നാൽ 6.9.2019 ന് തന്നെ കരാർ ഉടമ്പടി ചമച്ചതായും കാണുന്നു. സമാനമായ രീതിയിൽ ഇതേ കരാറുകാരൻതന്നെ മോളേപ്പടി – പരുത്തുംപ്ലാവിൻപടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിക്കായും (പ്രൊജക്ട് നം.69/20) കരാർ ഉടമ്പടി ചമച്ചതായി കാണുന്നു. ഇത്തരത്തിൽ കരാർ ഉടമ്പടി ചമക്കുന്നത് ലഭ്യമാക്കിയിരിക്കുന്ന ടെൻഡർ നടപടികളുടെ രേഖകളുടെ വിശ്വാസ്യതക്ക് ഭംഗം വരുത്തുന്നു. സുതാര്യമായ രീതിയിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സി) അഡീഷണൽ പെർഫോമൻസ് സെക്യൂരിറ്റി തുകയിൽ കുറവ്.

സർക്കാർ ഉത്തരവ് നം.1/2019/ഫിൻ തി.10.1.2019, നം.168/2019/ഫിൻ തി.7.12.2019 എന്നിവ പ്രകാരം പ്രവൃത്തികൾ കരാറുകാർ ടെൻഡർ പിടിക്കുമ്പോഴുള്ള ടെൻഡർ കുറവ് എസ്റ്റിമേറ്റഡ് പി എ സി യെക്കാൾ 10 % ൽ അധികരിച്ചാണെങ്കിൽ ക്വാട്ട് ചെയ്ത തുകയും 10% നിരക്കും തമ്മിൽ വ്യത്യാസം വരുന്ന തുക അഡീഷണൽ പെർഫോമൻസ് സെക്യൂരിറ്റിയായി കരാർ ഉടമ്പടി സമയത്ത് വാങ്ങേണ്ടതുണ്ട്. മികച്ച രീതിയിലുള്ള മത്സരാധിഷ്ഠിത ടെൻഡർ നടന്നതിനാൽ പല പ്രവൃത്തികളിലും 25 % ൽ അധികരിച്ച നിരക്കിൽവരെ ടെൻഡർ കുറവിന് പ്രവൃത്തികൾ ക്വാട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവൃത്തികളുടെ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി തുക വാങ്ങിയ തുകകളിൽ കുറവ് വന്നിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര്,പ്രൊജക്ട് നം | എസ്റ്റിമേറ്റഡ് പി.എ.സി (രൂപയിൽ) | ക്വാട്ട് ചെയ്ത നിരക്ക് (ടെൻഡർ കുറവ് ) | അഡീ.പെർ.ഗ്യാരണ്ടി തുക(രൂപയിൽ) | | കുറവ് (രൂപയിൽ) |
|---|---|---|---|---|---|---|
| | | | | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | |
| 1 | മോളേപ്പടി പരുത്തുംപ്ലാവിൻപടി റോഡ് കോൺക്രീറ്റിംഗ്(69/20) | 429000 | 26.76% | 71900 | 58600 | 13300 |
| 2 | വടക്കേകരമല -പൂന്താനംകുഴി റോഡ് കോൺക്രീറ്റിംഗ്(77/20) | 429000 | 26.65% | 71429 | 62600 | 8829 |

ഡി) ടെൻഡർ ഫീ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുടെ ഇ ടെൻഡർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിരിക്കുന്നത് നാളിതുവരെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഓഡിറ്റ് ഇംപാക്ട്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിപ്പോൺ ടോയോട്ട, വിഷൻമോട്ടോഴ്സ് ,ന്യൂ ജവാൻ ഓട്ടോമൊബൈൽസ് എന്നീ സ്ഥാപനങ്ങളിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയേക്കാൾ കുറഞ്ഞ തുക ഈടാക്കിയതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/12.8.2021) യുടെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്ന രസീതുകൾ പ്രകാരം കുറവ് വന്ന തുകയായ 19,500/-രൂപ ഈടാക്കിയിരിക്കുന്നു.

| ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര്/ഉടമ | ഈടാക്കിയ ഫീ/രസീത് നം/തീയതി |
|---|---|---|
| 13/ 19-20 | നിപ്പോൺ ടൊയോട്ട/എം.എ ബാബു മൂപ്പൻ | 8500/- 121020100773/ 13.8.2021 |
| 35/ 19-20 | വിഷൻ മോട്ടോഴ്സ്/നവീൻ ഫിലിപ്പ് | 7000/- 121020100827/ 25.8.2021 |
| 167/ 19-20 | സനു വിൻസന്റ്/ ന്യൂജവാൻ ഓട്ടോമൊബൈൽസ് | 4000/- 121020100783/ |

| | | |
|---|---|---|
| | | 16.8.2021 |
| ആകെ | | 19500/- |

## 1-24 മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ - തീർപ്പാക്കൽ നടപടികൾ ത്വരിതപ്പെടുത്തണം

വാളകം ഗ്രാമപഞ്ചായത്തിന്റെ 1996-97 വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മാത്രമാണ് പൂർണ്ണമായും തീർപ്പാക്കിയിട്ടുള്ളത്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ ഖണ്ഡികകൾക്കും, മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഭാഗീകമായി മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കുകയും, തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കപ്പെടാത്തത് മൂലമോ വൈകി സ്വീകരിക്കപ്പെടുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 190000 | പാലിയേറ്റീവ് കെയർ (S012/20) | 188333 | 1667 |
| | 2019-20 | 356159 | പൂരകപോഷകാഹാരം (S05/20) | 354205 | 1954 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 14536 | | 14536 | |
| | 2019-20 | 600000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S07/20) | 600000 | 0 |
| | 2019-20 | 125000 | ബഡ്സ് സ്കൂൾ നടത്തിപ്പ് (S0175/20) | 125000 | 0 |
| | 2019-20 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (S020/20) | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 166917 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S07/20) | 166917 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെയും, തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ശക്തിപുരം – കടാതി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S025/20) | 18/2019-20, 11.10.2020 | 270000 | 0 | 270000 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല) |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് വായ്പാ തിരിച്ചടവ് | സ.ഉ.നം. 530/2010/ ത.സ്വ.ഭ.വ. 18.02.10 | 3924152 | 368149 | 368149 | 0 | 0 |
| കെ.യു.ആർ.ഡി. എഫ്.സി | സ.ഉ.നം. 511/2018/ ത.സ്വ.ഭ.വ. 01.01.19 | 2300000 | 2300000 | 250000- | 0 | 2050000 |
| കെ.യു.ആർ.ഡി. എഫ്.സി | സ.ഉ.നം. 511/2018/ ത.സ്വ.ഭ.വ. 01.01.19 | 180000 | 0 | 0 | 0 | 180000 |

2019-20 സാമ്പത്തിക വർഷത്തിൽ കെ.യു.ആർ.ഡി.എഫ്സിയിൽ നിന്നും 1,80,000/- രൂപ വായ്പ എടുത്തിട്ടുണ്ട്. വികസനഫണ്ടിന്റെ ഉദ്ഭവത്തിൽ നിന്നുമാണ് തൻവർഷത്തെ വായ്പ തിരിച്ചടവുകൾ ക്രമീകരിച്ചിരിക്കുന്നത്.

ആയതിന്റെ ചെലവുകൾ S03/20, S200/20, S223/20, S225/20, S227/20 എന്നീ പ്രോജക്ടുകളുടെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|
| 2017-18 | 3-3 | 2306 | സൂസമ്മ സി ഡി, ഐസിഡിഎസ് സൂപ്പർവൈസർ. | 119020103696/23.12.19 |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 3-1, 3-12 | 2005-06 | 2.51.3 | കുടിവെള്ള പരിപാലനം | C3-646 / 30.10.15 പ്രകാരം തീർപ്പാക്കാൻ കത്തയച്ചു |
| 1995-96 | 7 | 2006-07 | 3.46.1 | മണൽ ലേലത്തുക അടവ് | C/2738 /2010/21.06.10, 25.9.14,04.06.19 എന്നീ തീയതികളിൽ തീർപ്പാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47663310 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45552984 |
| വരവിനങ്ങളിലുള്ള നഷ്ടം | 2232 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഇല്ല |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എം. സുബൈദ | സെക്രട്ടറി, വാളകം ഗ്രാമ പഞ്ചായത്ത് | മണലോടി പുത്തൻവീട്, പുതുപ്പള്ളി പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ (പി 5)1196/98, തീ. 11.06.90 | 2 |
| 1998-99 | എൽ.എഫ്.ഇ (പി 5)1185/03, തീ. 05.12.03 | 1 |
| 1998-99 | എൽ.എഫ്.ഇ (പി 5)421/05, തീ. 10.08.05 | 1 |
| 1999-00 | എൽ.എഫ്.ഇ (പി 5)717/01, തീ. 10.10.01 | 5 |
| 2000-01 | എൽ.എഫ്.ഇ (പി 5)36/02, തീ. 05.02.02 | 10 |
| 2001-02 | എൽ.എഫ്.ഇ (പി 5)1186/03 തീ. 05.12.03 | 9 |
| 2003-04 | എൽ.എഫ്.ഇ (പി 5)1457/08 തീ. 17.03.09 | 2 |
| 2004-05 | എൽ എഫ് ഇ (പി 5)1450/08, തീ. 01.02.10 | 13 |
| 2005-06 | എൽ എഫ് ഇ (പി 5)1456/08, തീ. 17.03.09 | 15 |
| 2006-07 | എൽ എഫ് ഇ (പി 5)1730/07, തീ. 13.12.07 | 23 |
| 2007-08 | എൽ. എഫ്. ഇ. (പി 5)401/09, തീ. 14.01.10 | 34 |
| 2009-10 | എൽ.എഫ്.ഇ(പി8)1864/10 തീ. 3.11.11 | 21 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ (പി8)594/13 തീ.11.06.13 | 9 |
| 2012-13,<br>2013-14 | കെ.എസ്.എ-ഇ.കെ.എം(പി8)1761/2014 തീ. 03.03.15 | 9 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം.(പി14)1309/2016 തീ.05.08.16 | 6 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി 14) 44/17, തീ. 25.01.17 | 7 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി14)1908/17, തീ. 29.11.17 | 5 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി14)2321/2018, തീ. 19.11.19 | 5 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (പി14)136/2020, തീ. 09.03.2020 | 7 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്